# 2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ

1973-ലെ ക്രിമിനൽ നടപടി നിയമസംഹിത കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ അൻപത്തിഒൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.—(1) ഈ ആക്ററിന് 2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 167-ാം വകുപ്പിന്റെ ഭേദഗതി.—1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്)-യിൽ (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 167-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ,

(1) ക്ലിപ്ത നിബന്ധനയിൽ,—

(എ) (ബി) ഖണ്ഡികയ്ക്കുപകരം, താഴെപ്പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്.—

"(ബി) ഏതൊരു മജിസ്ട്രേറ്റും കുറ്റാരോപണം ചെയ്യപ്പെട്ട ആളെ ആദ്യതവണയും കുറ്റാരോപണം ചെയ്യപ്പെട്ട ആൾ പോലീസ് കസ്റ്റഡിയിൽ തുടരുന്നതുവരെ പിന്നീട് വരുന്ന ഓരോ തവണയും തന്റെ മുമ്പാകെ നേരിട്ട് ഹാജരാക്കാത്തപക്ഷം ഈ

വകുപ്പിൻകീഴിലെ പോലീസ് കസ്റ്റഡിയിലുള്ള തടഞ്ഞുവയ്ക്കലിന് പ്രാധികാരം നൽകാൻ പാടുള്ളതല്ല, എന്നാൽ മജിസ്ട്രേറ്റിന് കുറ്റാരോപണം ചെയ്യപ്പെട്ടയാളെ നേരിട്ടോ അല്ലെങ്കിൽ ഇലക്ട്രോണിക് വീഡിയോ ലിങ്കേജ് മാധ്യമംവഴിയോ ഹാജരാക്കുന്ന പക്ഷം ജുഡീഷ്യൽ കസ്റ്റഡിയിലുള്ള തടഞ്ഞുവയ്ക്കൽ വീണ്ടും നീട്ടിനൽകാവുന്നതാണ്.";

(ബി) *വിശദീകരണം* II-ന് പകരം താഴെപ്പറയുന്ന *വിശദീകരണം* ചേർക്കേണ്ടതാണ്, അതായത്:—

"വിശദീകരണം II.-കുറ്റാരോപണം ചെയ്യപ്പെട്ട ആളെ ഖണ്ഡിക (ബി)-യിൽ ആവശ്യപ്പെടുന്നതുപോലെ മജിസ്ട്രേറ്റിന്റെ മുമ്പാകെ ഹാജരാക്കിയോ എന്ന ഏതെങ്കിലും പ്രശ്നം ഉദിക്കുകയാണെങ്കിൽ, കുറ്റാരോപണം ചെയ്യപ്പെട്ട ആളെ ഹാജരാക്കിയത്, തടഞ്ഞുവയ്ക്കാൻ പ്രാധികാരം നൽകുന്ന ഉത്തരവിന്മേലുള്ള അയാളുടെ ഒപ്പുവഴിയോ അല്ലെങ്കിൽ ഇലക്ട്രോണിക് വീഡിയോ ലിങ്കേജ് മാധ്യമംവഴി കുറ്റാരോപണം ചെയ്യപ്പെട്ട ആളെ ഹാജരാക്കി എന്ന് മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഉത്തരവ് വഴിയോ, അതതു സംഗതിപോലെ, തെളിയിക്കാവുന്നതാണ്.";

(2) ഒന്നാം ക്ലിപ്ത നിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാലും പതിനെട്ടു വയസ്സിനു താഴെ പ്രായമുള്ള സ്ത്രീകളുടെ സംഗതിയിൽ, തടഞ്ഞുവയ്ക്കുന്നത് പ്രാധികാരമുള്ള ഒരു റിമാൻഡ് ഹോമിന്റെ സൂക്ഷിപ്പിലോ അല്ലെങ്കിൽ അംഗീകൃത സാമൂഹിക സ്ഥാപനത്തിലോ ആയിരിക്കേണ്ടതാണ്.".

3. 267 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 267-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"267 എ. ജയിലുകളിൽ തടഞ്ഞു വയ്ക്കപ്പെട്ട അല്ലെങ്കിൽ തടങ്കലിൽ കഴിയുന്ന ആളുകളുടെ ഹാജരാകൽ ഇലക്ട്രോണിക് വീഡിയോ ലിങ്കേജ് മാധ്യമത്തിലൂടെ ഉറപ്പാക്കുന്നതിനുള്ള അധികാരം.—ഈ നിയമ സംഹിതപ്രകാരമുള്ള ക്രിമിനൽ കോടതികളുടെ അധികാരങ്ങൾക്ക് ഭംഗം വരാതെയും അതിനു പുറമേയും, കോടതിയ്ക്ക്, ഏതെങ്കിലും അന്വേഷണ വിചാരണയ്ക്കിടയിലൊ, വിചാരണയ്ക്കിടയിലോ അല്ലെങ്കിൽ മറ്റ് നടപടിക്രമത്തിനിടയിലോ, സാഹചര്യത്തിന് യുക്തമാണെങ്കിൽ, ജയിലിൽ തടഞ്ഞുവയ്ക്കപ്പെട്ട അല്ലെങ്കിൽ തടങ്കലിൽ കഴിയുന്ന ആളുടെ ഹാജരാകൽ ഇലക്ട്രോണിക് വീഡിയോ ലിങ്കേജ് മാധ്യമത്തിലൂടെ ഉറപ്പാക്കാൻ ഉത്തരവിടാവുന്നതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ബഹുമാനപ്പെട്ട ഹൈക്കോടതി കോടതികളിലും ജയിലുകളിലും വീഡിയോ കോൺഫറൻസിംഗ് സംവിധാനം ആരംഭിക്കുവാൻ സംസ്ഥാന സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ വിവിധ ജയിൽ പരിസ്കരണ കമ്മീഷനുകളും,

സമിതികളും, മനുഷ്യാവകാശ കമ്മീഷനും സമാനമായ ശുപാർശകൾ നൽകുകയുമുണ്ടായി.

2. വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിൽ വരുന്നതോടെ, തടവുകാരേയും വിചാരണ തടവുകാരേയും ജഡ്ജിയുടെ മുമ്പാകെ ഹാജരാക്കുകയും തിരികെ തടങ്കലിൽ എത്തിക്കുകയും ചെയ്യുന്ന നിലവിലുള്ള സംവിധാനം ഉപേക്ഷിക്കുവാൻ കഴിയുമെന്ന കാരണത്താൽ, ജുഡീഷ്യറിയുടേയും ജയിൽ അധികാരികളുടേയും സമയവും, ഊർജ്ജവും, പണവും, മനുഷ്യശേഷിയും ഗണ്യമായി ലാഭിപ്പിക്കുന്നതിലേക്ക് നയിച്ചേക്കും. തടവുകാരുടേയും വിചാരണ തടവുകാരുടേയും ശാരീരിക സാന്നിദ്ധ്യം ഒഴിവാക്കിയാൽ നിരോധിക്കപ്പെട്ട വസ്തുക്കളായ മയക്കുമരുന്നുകൾ, കറൻസി, ആയുധങ്ങൾ, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ എന്നിവയുമായും സാമൂഹ്യ വരുദ്ധഘടകങ്ങളുമായുള്ള അവരുടെ സാമീപ്യവും ഒഴിവാക്കാവുന്നതാണ്.

3. ഈ ആവശ്യത്തിലേക്കായി 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 167-ാം വകുപ്പ് ഭേദഗതി ചെയ്യേണ്ടതും 267 എ എന്ന പുതിയ വകുപ്പ് പ്രസ്തുത നിയമസംഹിതയിൽ കൂട്ടിച്ചേർക്കേണ്ടതുമാണ്.

4. മേല്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

കോടതികളിലും ജയിലുകളിലും വീഡിയോ കോൺഫറൻസിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിലേക്കായി 2005-06, 2006-07, 2007-08 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 51.47 ലക്ഷവും, 89.26 ലക്ഷവും, 79.49 ലക്ഷവും ചെലവായിട്ടുണ്ട്. വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് വേണ്ടി നടപ്പുവർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളിൽ തുക വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജയിലുകളിലും കോടതികളിലും വീഡിയോ കോൺഫറൻസിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനായി ഏകദേശം 9.27 കോടി രൂപയുടെ ആവശ്യമുള്ളതും ഇത് പദ്ധതിയിൻകീഴിൽ എടുക്കപ്പെടുന്നതും ഭാരത സർക്കാരിന്റെ സഹായം കൂടി തേടുന്നതുമാണ്. ഭാവിയിൽ ഈ സംവിധാനത്തിന്റെ ബി. എസ്. എൻ. എൽ. കണക്ടിവിറ്റിയ്ക്കും പരിപാലനത്തിനുമായി 65 ലക്ഷം രൂപയുടെ വാർഷിക ആവർത്തന ചെലവ് പ്രതീക്ഷിക്കുന്നു.

കോടിയേരി ബാലകൃഷ്ണൻ

(ശരിത്തർജ്ജമ)

# 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
## (1974-ലെ 2)

** ** ** **

167. <u>അന്വേഷണം ഇരുപത്തിനാലു മണിക്കൂറിനകം പൂർത്തിയാക്കാൻ കഴിയാത്തപ്പോഴുള്ള നടപടിക്രമം.</u>—(1)

** ** ** **

(2) ഏത് മജിസ്ട്രേറ്റിന്റെ അടുക്കലാണോ, കുറ്റാരോപണം ചെയ്യപ്പെട്ട ആളെ, ഈ വകുപ്പിൻകീഴിൽ അയച്ചിട്ടുള്ളത്, ആ മജിസ്ട്രേറ്റിന്, അദ്ദേഹത്തിന് ആ കേസ് വിചാരണ ചെയ്യാൻ അധികാരിത ഉണ്ടായിരുന്നാലും ഇല്ലെങ്കിലും, ഒട്ടാകെ 15 ദിവസത്തിൽ കവിയാത്ത കാലത്തേക്ക് കുറ്റാരോപണം ചെയ്യപ്പെട്ട ആളെ യുക്തമെന്ന് തനിക്ക് തോന്നുന്ന കസ്റ്റഡിയിൽ തടഞ്ഞുവയ്ക്കാൻ അപ്പപ്പോഴായി അധികാരം നൽകുന്നതും ; ആ കേസ് വിചാരണ ചെയ്യുന്നതിനോ വിചാരണയ്ക്ക് കമ്മിറ്റ് ചെയ്യുന്നതിനോ അദ്ദേഹത്തിന് അധികാരിത ഇല്ലാതിരിക്കുകയും, പിന്നെയും തടഞ്ഞുവയ്ക്കുന്നത് ആവശ്യകമല്ലെന്ന് കരുതുകയും ചെയ്യുന്നുവെങ്കിൽ, അദ്ദേഹത്തിന് കുറ്റാരോപണം ചെയ്യപ്പെട്ട ആളെ അങ്ങനെയുള്ള അധികാരിതയുള്ള ഒരു മജിസ്ട്രേറ്റിന്റെ അടുക്കൽ അയയ്ക്കാൻ ഉത്തരവ് ചെയ്യാവുന്നതും ആകുന്നു.

എന്നാൽ—

(എ) 15 ദിവസക്കാലത്തിനധികം, കുറ്റാരോപണം ചെയ്യപ്പെട്ട ആളെ പോലീസ് കസ്റ്റഡിയിലല്ലാതെ തടഞ്ഞുവയ്ക്കുന്നതിന് പ്രാധികാരം നൽകാൻ തക്ക കാരണങ്ങൾ ഉണ്ടെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, മജിസ്ട്രേറ്റിന് അപ്രകാരം ചെയ്യാവുന്നതും; എന്നാൽ, ഏതൊരു മജിസ്ട്രേറ്റും, കുറ്റാരോപണം ചെയ്യപ്പെട്ട ആളെ,

(i) അന്വേഷണം മരണശിക്ഷയോ ജീവപര്യന്തം തടവോ അല്ലെങ്കിൽ പത്തുവർഷത്തിൽ കുറയാത്ത കാലത്തേയ്ക്കുള്ള തടവോ നൽകി ശിക്ഷിക്കത്തക്ക കുറ്റത്തെ സംബന്ധിച്ചുള്ളതാണെങ്കിൽ, ആകെ തൊണ്ണൂറു ദിവസത്തിൽ കൂടുതലും ;

(ii) അന്വേഷണം മറ്റേതെങ്കിലും കുറ്റം സംബന്ധിച്ചാണെങ്കിൽ, അറുപതു ദിവസത്തിൽ കൂടുതലും,

അങ്ങനെയുള്ള പ്രതിയെ തടവിൽ വയ്ക്കുന്നതിനുള്ള പ്രാധികാരം നൽകാൻ പാടില്ലാത്തതും, അതതു സംഗതിപോലെ, മേൽപ്പറഞ്ഞ തൊണ്ണൂറു ദിവസമോ അല്ലെങ്കിൽ അറുപതു ദിവസക്കാലമോ അവസാനിക്കുന്നതോടെ കുറ്റാരോപണം ചെയ്യപ്പെട്ട ആളെ, അയാൾ ജാമ്യം നൽകാൻ ഒരുക്കമാവുകയും നൽകുകയും ചെയ്യുന്നുവെങ്കിൽ വിമോചിപ്പിക്കേണ്ടതും, ഈ ഉപവകുപ്പിൻകീഴിൽ വിമോചിപ്പിക്കപ്പെട്ട ഏതൊരാളും XXXIII-ാം

അദ്ധ്യായത്തിൻകീഴിൽ, ആ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക് വിമോചിക്കപ്പെട്ടതായി കരുതപ്പെടുന്നതും ആകുന്നു ;

(ബി) ഏതൊരു മജിസ്ട്രേറ്റും, കുറ്റാരോപണം ചെയ്യപ്പെട്ട ആൾ തന്റെ മുമ്പാകെ ഹാജരാക്കപ്പെടാത്ത പക്ഷം, ഈ വകുപ്പിൻകീഴിലെ ഏതെങ്കിലും കസ്റ്റഡിയിലുള്ള തടഞ്ഞുവയ്ക്കലിന് പ്രാധികാരം നൽകാൻ പാടുള്ളതല്ല ;

(സി) ഹൈക്കോടതി ഇതിലേക്ക് പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടില്ലാത്ത ഏതൊരു രണ്ടാം ക്ലാസ്സ് മജിസ്ട്രേറ്റും, പോലീസ് കസ്റ്റഡിയിലുള്ള തടഞ്ഞുവയ്ക്കലിന് പ്രാധികാരം നൽകാൻ പാടുള്ളതല്ല.

<u>വിശദീകരണം 1</u>.—

** ** ** **

<u>വിശദീകരണം 2</u>.— കുറ്റാരോപണം ചെയ്യപ്പെട്ട ആളെ, (ബി) ഖണ്ഡിക ആവശ്യപ്പെടുന്നതുപോലെ ഹാജരാക്കിയോ എന്ന പ്രശ്നം ഉദിക്കുകയാണെങ്കിൽ, കുറ്റാരോപണം ചെയ്യപ്പെട്ട ആളെ ഹാജരാക്കിയത്, തടഞ്ഞുവയ്ക്കാൻ പ്രാധികാരം നൽകുന്ന ഉത്തരവിന്മേലുള്ള അയാളുടെ ഒപ്പുവഴി തെളിയിക്കാവുന്നതാണ്.

** ** ** **

*267.* <u>തടവുകാർ ഹാജരാകണമെന്ന് ആവശ്യപ്പെടാനുള്ള അധികാരം</u>.—(1) ഈ നിയമസംഹിതയിൻ കീഴിലുള്ള ഒരു അന്വേഷണ വിചാരണയ്ക്കോ, വിചാരണയ്ക്കോ, മറ്റു നടപടിയ്ക്കോ ഇടയിൽ ഒരു ക്രിമിനൽ കോടതിയ്ക്ക്,—

(എ) കാരാഗൃഹത്തിൽ തടഞ്ഞുവയ്ക്കുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്യപ്പെടുന്ന ഒരാളെ ഒരു കുറ്റത്തിനുള്ള ചാർജ്ജിന് മറുപടി പറയാനോ, അയാൾക്കെതിരായുള്ള ഏതെങ്കിലും നടപടികളുടെ ആവശ്യത്തിനു വേണ്ടിയോ കോടതി മുമ്പാകെ കൊണ്ടുവരേണ്ടതാണെന്നോ ; അല്ലെങ്കിൽ

(ബി) അങ്ങനെയുള്ള ആളെ സാക്ഷിയായി വിസ്തരിക്കുന്നത് നീതിയുടെ ലക്ഷ്യങ്ങൾക്ക് ആവശ്യകമാണെന്നോ,

കോടതിക്ക് തോന്നുമ്പോഴെല്ലാം, അതത് സംഗതിപോലെ, ചാർജ്ജിന് മറുപടി പറയാനോ, അങ്ങനെയുള്ള നടപടിയുടെ ആവശ്യത്തിനുവേണ്ടിയോ തെളിവുനൽകുന്നതിനോ, അങ്ങനെയുള്ള ആളെ കോടതിമുമ്പാകെ ഹാജരാക്കുവാൻ കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടുകൊണ്ട് ഉത്തരവിടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു രണ്ടാം ക്ലാസ്സ് മജിസ്ട്രേറ്റ് ഉത്തരവിടുന്നിടത്ത്, അത് അങ്ങനെയുള്ള മജിസ്ട്രേറ്റ് ഏത് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ കീഴിലാണോ ആ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, അതിൽ മെലൊപ്പിടാത്ത പക്ഷം, കാരാഗൃഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന് അയച്ചുകൊടുക്കുകയോ അയാൾ അത് അനുസരിച്ച് പ്രവർത്തിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ മേലൊപ്പിടുന്നതിന് സമർപ്പിക്കപ്പെടുന്ന ഏതൊരു ഉത്തരവിന്റെയുമോ, മജിസ്ട്രേറ്റിന്റെ അഭിപ്രായത്തിൽ ആ ഉത്തരവ് ആവശ്യമാക്കുന്ന വസ്തുതകളുടെ ഒരു സ്റ്റേറ്റ്മെന്റ് ഉണ്ടായിരിക്കേണ്ടതും ഏത് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനാണോ അത് സമർപ്പിക്കപ്പെടുന്നത്, ആ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് അങ്ങനെയുള്ള സ്റ്റേറ്റ്മെന്റ് പരിഗണിച്ചതിനുശേഷം, ആ ഉത്തരവ് മേലൊപ്പിടാൻ വിസമ്മതിക്കാവുന്നതുമാണ്.

**          **          **          **